ഉത്തരം

(എ) സഹകരണ വകുപ്പിന്റെ കീഴിൽ ഒരു സഹകരണ പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നില്ല.

(ബി) ജെ. ഡി. സി., എച്ച്. ഡി. സി. കോഴ്സുകൾക്കുള്ള സിലബസ് പരിഷ്ക്കരിക്കുന്നതിന് ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്.

(സി) സംസ്ഥാനത്തൊട്ടാകെ ഓരോ വർഷവും സഹകരണ പരിശീലനം നൽകി വരുന്നവരുടെ എണ്ണം താഴെ പറയുന്ന പ്രകാരമാണ്.

ജെ. ഡി. സി. ഓരോ 8 മാസവും—1120. എച്ച്. ഡി. സി. ഓരോ കോഴ്സും-935.

മദ്യവ്യവസായ സഹകരണ സംഘങ്ങൾ

559. [764] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മദ്യവ്യവസായ സഹകരണ സംഘങ്ങൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര എണ്ണം ;

(സി) അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മദ്യവ്യവസായ സഹകരണ സംഘങ്ങൾ എന്ന പേരിൽ ഒന്നും നിലവിലില്ല. എന്നാൽ ചെത്തു തൊഴിലാളി/കള്ള് ഉൽപ്പാദക സഹകരണ സംഘങ്ങൾ ഉണ്ട്.

(ബി) 5 (അഞ്ച്) എണ്ണം. ഇവയെല്ലാം പ്രവർത്തനരഹിതമാണ്.

(സി) തിരുവനന്തപുരം ജില്ല — 1
എറണാകുളം ,, — 1
തൃശ്ശൂർ ,, — 2
കാസർകോഡ് ,, — 1

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II അടിയന്തിര പ്രമേയം

കശുവണ്ടിത്തൊഴിലാളികളുടെ മിനിമംകൂലി നടപ്പിലാക്കാത്തതുമൂലം ഉണ്ടായിട്ടുള്ള സ്ഥിതി

മി. സ്പീക്കർ : ഹൈക്കോടതി വിധിയുണ്ടായിട്ടും മിനിമംകൂലി നടപ്പിലാക്കാത്ത സർക്കാർ കശുവണ്ടി മുതലാളിമാരുടെ നിലപാടു മൂലവും വ്യാപകമായി ഫാക്ടറികൾ അടച്ചിട്ട് മിനിമം കൂലിക്കുവേണ്ടി സമരം ചെയ്യുന്ന തൊഴിലാളികൾക്കുനേരെ പ്രതികാര നടപടികൾ സ്വീകരിക്കുന്നതിന്റെയും ഗവൺമെന്റ് പരസ്യമായും രഹസ്യമായും

9.30 a.m.

2/1063/B.

LIBRARY ARCHIVES Kerala Legislative Assembly

മുതലാളിമാരെ സഹായിക്കുന്നതിന്റെയും ഫലമായി ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഇന്നത്തെ സഭാ നടപടികളും നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ആർ., എസ്. ഉണ്ണി, കെ. ആർ. ചന്ദ്രമോഹനൻ, വി. സി. കബീർ, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ചു നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കൂടുതൽ വിവരങ്ങൾ ശേഖരിച്ച് നാളെ മറുപടി പറയാം.

ശ്രീ. ബേബിജോൺ : സർ, ഇത് നല്ല കീഴ്വഴക്കമല്ല. അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയാൽ പ്രമേയം മൂവ് ചെയ്തിട്ട് ചർച്ച ചെയ്യാമോ ഇല്ലയോ എന്നു പറയണം. നാളെ മറുപടി പറയുന്നത് ശരിയല്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ചർച്ച നാളെ വേണമെങ്കിൽ ആകാം.

ശ്രീ. കെ. കരുണാകരൻ : സർ, ഇന്ന് കാലത്താണ് നോട്ടീസ് കിട്ടിയത്. ഇതിന് വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ആ വിവരങ്ങൾ ശേഖരിച്ച് ഇത് സംബന്ധിച്ചുള്ള വിശദീകരണം നാളെ സഭയ്ക്ക് തരാം.

മി. സ്പീക്കർ : ഏതായാലും നാളെ ഇത് എടുക്കാവുന്നതാണ്. നാളെ ഇത് റയിസ് ചെയ്താൽ മതി. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നാളെ വിശദീകരണം തരും.

ശ്രീ. കെ. കരുണാകരൻ : ടെലഫോൺ വർക്ക് ചെയ്യാത്തതുകൊണ്ട് ഇൻഫർമേഷൻ കളക്ട് ചെയ്യാൻ സാധിച്ചില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ടെലഫോൺ, ടെലക്സ് ഇവയൊന്നും ഇല്ലെന്നുള്ള പ്രത്യേക സാഹചര്യത്തിൽ ഇങ്ങനെ ചെയ്യാം എന്നല്ലാതെ ഇത് ഒരു കീഴ്വഴക്കമാകാൻ പാടില്ല.

മി. സ്പീക്കർ : ഇത് ഒരു കീഴ്വഴക്കമായിട്ടല്ല. ഇന്ന് മുഖ്യമന്ത്രി പറഞ്ഞതിൽ ഒരു പോയിന്റുണ്ട്. കാരണം ഇൻഫർമേഷൻ ശേഖരിക്കാൻ ബന്ധപ്പെട്ട ആളുകളെ ഫോണിൽ കിട്ടാൻ ബുദ്ധിമുട്ടുണ്ട്. എനിക്കുതന്നെ പലപ്പോഴും ടെലഫോണിൽ കിട്ടുന്നില്ല. ഇതിനു പ്രയാസം ഉണ്ടാകുന്നു. അതുകൊണ്ട് ഇതൊരു കീഴ്വഴക്കമായിട്ടല്ല. ഇതു സംബന്ധിച്ച വിശദീകരണം നാളെ പറയുന്നതാണ്.

III ശ്രദ്ധ ക്ഷണിക്കൽ

(1) കേരള ലൈവ് സ്റോക്ക് ഡെവലപ്പ്മെന്റ് ആൻറ് മിൽക്ക് മാർക്കറ്റിംഗ് ബോർഡിലുണ്ടായിരുന്ന ഒരു വിഭാഗം ജീവനക്കാരുടെ സേവന-വേതന പ്രശ്നങ്ങൾ

ശ്രീ. ഇ. പത്മനാഭൻ : സർ, കേരളാ ലൈവ്സ്റോക്ക് ഡെവലപ്പുമെന്റ് ആൻഡ് മിൽക്ക് മാർക്കറ്റിംഗ് ബോർഡ്, മിൽമ എന്നാണ് അറിയപ്പെടുന്നത്. ഇപ്പോൾ മിൽമ എന്ന പേരിൽ മാർക്കറ്റിംഗ് ഫെഡറേഷൻ

LIBRARY ARCHIVES Kerala Legislative Assembly